**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- ദേശീയ സമ്പാദ്യ പദ്ധതി - എം.പി.കെ.ബി.വൈ / എസ്.എ.എസ് ഏജന്റുമാരുടെ ക്ഷേമനിധി ക്ലോഷറിന്റെ പലിശ നിരക്ക് പ്രതിവർഷം 7.5% ആയി ഏകീകരിച്ചിട്ടുള്ളത് ഏജന്റുമാരുടെ പെൻഷൻ ക്ലോഷറിനും ബാധകമാക്കിയിട്ടുള്ളതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ഭരണം -സി) വകുപ്പ്

**സ.ഉ (അച്ചടി) നം. 5/2018/ധന** **തീയതി, തിരുവനന്തപുരം, 09/01/2018.**

---

പരാമർശം:- (1) സ.ഉ (അച്ചടി) നം. 94/2011/ധന തീയതി 01.03.2011.
(2) സ.ഉ (അച്ചടി) നം. 120/2017/ധന തീയതി 08.09.2017.
(3) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ 3798/APS1/2017/Fin നം. ഫയൽ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം രൂപീകരിച്ച ദേശീയ സമ്പാദ്യ പദ്ധതി പെൻഷൻ സ്കീം പ്രകാരം എം.പി.കെ.ബി.വൈ / എസ്.എ.എസ് ഏജന്റുമാർക്ക് അവർ ഒടുക്കിയ പെൻഷൻ വിഹിതത്തോട് കൂട്ട് പലിശ കൂട്ടിച്ചേർത്ത് പെൻഷൻ ക്ലോഷർ അനുവദിച്ചു വരുന്നു. ക്ഷേമനിധി ക്ലോഷറിന്റെ പലിശ നിരക്ക് മുഴുവൻ കാലയളവിലേയ്ക്കും 7.5% ആയി പരാമർശം (2) പ്രകാരം ഏകീകരിച്ചിട്ടുണ്ട്. ഏജന്റുമാർ അടച്ച ക്ഷേമനിധി വിഹിതത്തിനു നൽകി വരുന്ന പലിശ നിരക്കാണ് പെൻഷൻ ക്ലോഷറിനും നൽകുന്നതെന്നും ആയതിനാൽ ദേശീയ സമ്പാദ്യ പദ്ധതി MPKBY/SAS ഏജന്റുമാരുടെ ക്ഷേമനിധി ക്ലോഷറിന്റെ പലിശ നിരക്ക് പരാമർശം (2) പ്രകാരം പ്രതിവർഷം 7.5% ആയി ഏകീകരിച്ചിട്ടുള്ളത് ഏജന്റുമാരുടെ പെൻഷൻ ക്ലോഷർ ബെനിഫിറ്റ് നൽകുന്നതിനും ബാധകമാക്കിയിട്ടുള്ളതിന് സാധൂകരണം നൽകണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ സമ്പാദ്യ പദ്ധതി എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജന്റുമാരുടെ ക്ഷേമനിധി ക്ലോഷറിന്റെ പലിശനിരക്ക് പരാമർശം (2) പ്രകാരം പ്രതിവർഷം 7.5% ആയി ഏകീകരിച്ചിട്ടുള്ളത് ഏജന്റുമാരുടെ പെൻഷൻ ക്ലോഷറിനും ബാധകമാക്കിയിട്ടുള്ളതിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**മിനി വി ആർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്.
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.
6. നോഡൽ ഓഫീസർ www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ